ATCHED
10/06/2020

18/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2587(7)/2014**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15799**/എസ്.ഐ.സി-ജി 6/14)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ശശി വി.,
കാരക്കുടി (ഹൗസ്),
അജാനൂർ പി.ഒ., ആനന്ദാശ്രമം വഴി,
കാസറഗോഡ് – 671 537.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി രജിസ്ട്രാർ,
ഭരണവിഭാഗം, കണ്ണൂർ സർവ്വകലാശാല,
താവക്കര, കണ്ണൂർ – 2.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ,
കണ്ണൂർ യൂണിവേഴ്സിറ്റി കാമ്പസ്,
താവക്കര, കണ്ണൂർ – 670 002.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.06.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.08.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 08.10.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 13.10.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ശശി വി., 08.10.2014ന്

സമർപ്പിച്ച അപ്പീൽ ഹർജി 13.10.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2587(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് സർവ്വകലാശാലയിൽ ലഭ്യമായ ചില ഉത്തരവുകളുടെയും രേഖകളുടെയും പകർപ്പുകൾ ടിയാനോട് നേരിൽക്കണ്ട് ഫയലുകൾ പരിശോധിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ടിയാന് രേഖയുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും നാളിതു വരെയും കൈക്കൊണ്ടിട്ടില്ലെന്നും ടിയാൻ നൽകിയ അപ്പീലിന്മേലും ഉചിതമായ നടപടി എടുത്തു കാണുന്നില്ലെന്നും ടിയാന്റെ അപേക്ഷ നിരസിച്ച ഉദ്യോഗ സ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാന് വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.06.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഓഫീസ് അറ്റൻഡർമാരുടെ ഔട്ട്സ്റ്റേഷൻ ട്രാൻസ്ഫറിനായി 18.01.2014ന് ഇറക്കിയ Ad.C2/2008/P/W/2009 Vol IV (1) സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും മേൽ സർക്കുലർ പ്രകാരം എത്ര സെന്ററുകളിലേക്കാണ് ട്രാൻസ്ഫറിന് അപേക്ഷ ക്ഷണിച്ചിരുന്നതെന്നും ഓരോ സെന്ററിലേക്കും ലഭിച്ച അപേക്ഷകൾ എത്രയെന്നും ആയതിൽ നീലേശ്വരം കാമ്പസിലേക്ക് ട്രാൻസ്ഫറിന് അപേക്ഷിച്ചവർ ആരെല്ലാമെന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 01.08.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന് മുൻകൂട്ടി അനുവാദം വാങ്ങിയശേഷം ഭരണ വിഭാഗത്തിൽ ഹാജരായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കാമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 26.08.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന് ഭരണ വിഭാഗത്തില ഹാജരായി ഫയലുകൾ പരിശോധിക്കാനുള്ള അവസരം നേരത്തേ നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 07.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ ട്രാൻസ്ഫർ സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടി

രുന്നതെന്നും ഇപ്പോൾ ട്രാൻസ്ഫർ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നുമാണ്. കൂടാതെ ഫയൽ പരിശോധിക്കാൻ ടിയാന് അവസരം നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ 16.06.2014ലെ അപേക്ഷയ്ക്ക് 01.08.2014നാണ് ഫയൽ പരിശോധിക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയതെന്നും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾക്ക് 30 ദിവസത്തിനകം മറുപടി നൽകണമെന്നിരിക്കെ ആയത് പാലിക്കാത്ത പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ഗുരുതര മായ കൃത്യവിലോപം നടത്തിയതായി കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെ തിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കു വാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യ ത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാ നില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്ത രവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർക ക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാ നുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 18–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/